# ചോളമുണ്ട ജി.എൽ.പി. സ്കൂൾ

## കാരപ്പുറം

**നിലമ്പൂർ സബ് ജില്ല, മലപ്പുറം ജില്ല.**




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

മൂത്തേടം ഗ്രാമ പഞ്ചായത്തിലെ മൂന്ന് സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് - ചോളമുണ്ട GLP സ്കൂൾ കാരപ്പുറം ആണ്. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള LP സ്കൂൾ നിർധനരും നിരക്ഷരരുമായ ഭൂരിപക്ഷ രക്ഷിതാക്കളുള്ള പ്രദേശം. കൃഷിയും കാർഷിക ജോലിയും മറ്റു കൂലിപ്പണികളും അന്യാപരും സർക്കാർ ജോലിക്കാരും ഉള്ള പ്രദേശം. നിലമ്പൂർ ഉപജില്ലാ ആസ്ഥാനത്തു നിന്നും 20km അകലെ സ്ഥിതി ചെയ്യുന്നു. ഗതാഗത സൗകര്യങ്ങൾ വേണ്ടുവോളം ഉണ്ട്. കുടിവെള്ളവും വിശാലമായ കളിസ്ഥലവും ആവശ്യത്തിന് ക്ലാസ് മുറികളും സ്വന്തമായി ഒരു സ്കൂൾ ബസും ഉണ്ട്. പ്രൈമറി വിഭാഗത്തിൽ 11 അധ്യാപകരും HMഉം ഒരു കോണ്ടിജന്റ് സ്റ്റാഫും പ്രീ പ്രൈമറിയിൽ 4 അധ്യാപകരും 2 ആയമാരും ഇന്ന് സ്കൂളിലുണ്ട്.

കൂടാതെ നന്നായി സഹകരിക്കുന്ന സ്കൂൾ മാനേജ്മെന്റ് കമ്മറ്റി (SMC), മദർ ടീച്ചേഴ്സ് അസോസിയേഷൻ (MTA), സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് (SSG) സ്കൂൾ വെൽഫെയർ കമ്മറ്റി (SWC) ഉച്ചഭക്ഷണ കമ്മറ്റി (CNFC) ഇവയും പ്രവർത്തിക്കുന്നു. കൃത്യതയും തികഞ്ഞ അച്ചടക്കവുമുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികളും കഴിവുറ്റ ചുറുചുറുക്കുള്ള അധ്യാപകരും ഒരു നല്ല വിദ്യാലയത്തിന്റെ വിജയമാണ്.

## സ്കൂൾ അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. ഒരു കുട്ടി 20 പുസ്തകം | 1. വർണ്ണക്കൂടാരം | 1. പ്രാദേശിക PTA യോഗങ്ങൾ |
| 2. One hour English | 2. ആലിന് തറ കെട്ടൽ | 2. പഠന കൂട്ടങ്ങൾ |
| 3. Enrich your GK | 3. പ്രിന്റർ | 3. വായനക്കൂട്ടം. |
| 4. ഒരു ദിനം ഒരറിവ് | 4. Football coaching | |
| 5. വിജയസ്പർശം Monthly test. | 5. | |
| 6. Board. | | |
| 7. ശില്പശാല-1day ഗണിതം | | |
| 8. സ്കൂൾ പത്രം | | |
| 9. കോർണർ PTA | | |
| 10. അസംബ്ലി- | | |
| 11 ഭാഷിക്കാം മലയാ | | |
| 12. | | |

## അക്കാദമികം:

| | ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം: |
|---|---|---|---|---|---|
| 1. | വായനാശേഷി വർധിപ്പിക്കൽ. | • ഒരു അക്കാദമികവർഷത്തിൽ ഒരു കുട്ടി ചുരുങ്ങിയത് 20 ലൈബ്രറി പുസ്തകം വായിക്കുന്നു.<br>• വായിച്ച പുസ്തകത്തിന്റെ റിവ്യൂ എഴുതി പോർട്ട്ഫോളിയോ സൂക്ഷിക്കുന്നു. | • 10 മാസം. | ക്ലാസ് ടീച്ചർ. | |
| 2. | English Language അനായാസം വായിക്കാനും എഴുതാനും സംസാരിക്കാനും സാധിക്കുന്നു. | • English പിരീഡിൽ English മാത്രം സംസാരിക്കുന്നു.<br>• English Club പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നു.<br>• English Assembly<br>• English Diary -<br>• Lunch time - Speak English only. | • Acadamic year | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. അടിസ്ഥാന വിവരത്തിലും പൊതുവിജ്ഞാനത്തിലും ധാരണ വർധിപ്പിക്കുന്നു. | • ഒരുമാസത്തിൽ 100 ചോദ്യങ്ങളും ഉത്തരങ്ങളും പഠിക്കുന്നു. • ക്വിസ് മത്സരം നടത്തുന്നു. • വർഷാവസാനം Talent exam നടത്തി വിജയികൾ cash prize വിതരണം ചെയ്യുന്നു. | 1 വർഷം | (ക്ലാസ് ടീച്ചർ) - ഷാനിബ ടി. - റീന ടീച്ചർ. | |
| 4. English ഭാഷയോട് താൽപര്യം നേടുന്നു. • ക്ലാസിൽ ഇംഗ്ലീഷ് അന്തരീക്ഷം നിലനിൽക്കുന്നു. | • എല്ലാ ദിവസവും ആനുകാലിക ചോദ്യങ്ങൾ ഇംഗ്ലീഷിൽ നൽകുന്നു. • മാസത്തിലൊരിക്കൽ ക്വിസ് മത്സരം നടത്തി വിജയികൾ സമ്മാനം നൽകുന്നു. | 10 മാസം | - ധന്യ ടീച്ചർ. | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ഓരോ കുട്ടിയും മലയാളം, ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുന്നു. | • പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടുപിടിച്ച് അവർക്കാവശ്യമായ പഠന പിന്തുണ നൽകുന്നു.<br>• മാസത്തിലൊരിക്കൽ ടെസ്റ്റ് നടത്തുന്നു. | കുട്ടികൾ ലക്ഷ്യം നേടുന്നത് വരെ. | • അദ്ധ്യാപകർ<br>• ക്ലാസ് ടീച്ചർ. | |
| 6 | സ്കൂളിൽ നടക്കുന്ന മികവുകൾ പ്രദർശിപ്പിക്കുന്നതിന്. | • ഓരോ ക്ലാസിലെയും മികച്ച പ്രവർത്തനങ്ങളും സ്കൂളിലെ പൊതുവായ പ്രവർത്തനങ്ങളും ബോർഡിൽ പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം. | | |
| 7 | ഗണിതത്തിൽ താൽപര്യം വർത്തിനും താൽപര്യം ഉള്ളവർക്ക് കൂടുതൽ ഗണിത ഉൽപന്നങ്ങൾ നിർമിക്കാനും. | • ഗണിതത്തിൽ പ്രഗൽഭരായ എക്സ്പെർട്ടിനെ വിളിച്ച് സ്കൂളിൽ ഒരു ശിൽപശാല നടത്തുന്നു. | | ഗണിത ക്ലബ് കൺവീനർ & HM | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8 | കുട്ടികളിൽ ഗവേഷണ താൽപര്യം വളർത്താനും പത്ര പ്രവർത്തനത്തെ കുറിച്ച് അറിയാനും സ്വയം വാർത്തകൾ അന്വേഷിച്ച് കണ്ടെത്താനും. | • ആഴ്ചയിൽ 5 ദിവസവും ക്ലാസ്‌വൈസ് പത്രം ഇറക്കുന്നു. ക്ലാസ്സുകാർ അവർക്കിഷ്ടമുള്ള ഒരു പേര് Select ചെയ്ത് പത്രത്തിന് വെക്കുന്നു. എല്ലാ ദിവസവും വാർത്തകൾ ക്ലാസ് ഗ്രൂപ്പുകളിൽ Share ചെയ്യുന്നു. | ഈ അക്കാദമിക വർഷം | • ക്ലാസ് ടീച്ചർ. | |
| 9. | കൂടുതൽ രക്ഷിതാക്കളെ സ്കൂളുമായി ബന്ധിപ്പിക്കാൻ. കുട്ടികളുടെ മികവ് പ്രദർശിപ്പിക്കാൻ. | • സ്കൂളിലെ കുട്ടികളുടെ ഉങ്ങിയയിൽ കോർണർ PTA വെക്കുന്നു. കുട്ടികളുടെ മികവുകൾ, Digital പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | മാർച്ച് മാസത്തിന് മുമ്പ് ഉദ്ദേശിച്ച ഉങ്ങിയ കവർ ചെയ്യും | HM, SRG കൺവീനർ. | |

# English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The acccademic master plan is designed to ensure that not a single child goes illetterate.

## Objectives and Learnings out-comes.

* Respond to simple instructions in the classroom.
* Describe orally about the pictures and objects.
* Familiarise withe simple words.
* Enjoy songs and sings them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures

## June

* Introduce symbol words.
* Provides pictures cards.

## July

* Identify familiar words.
* Say familiar words.
* Read familiar words.
* Write familiar words

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.
- Add more lines

September

- Read and write simple words and simple sentences.
- Provides picture cards and reading cards.
- English assembly once in a week.

October

- Introduce simple picture descriptions.
- Make word chain, sentences chain.
- Make riddles.
- Describing words and rhyming words
- Text books activities.

November

- Prepare reading cards
- Provide more opportunities to read, right and speak English
- Write five English words daily.

December

- Read and understand simple instructions in the classrooms
- Encourage digital reading.

## ജൂൺ

സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്.

ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
കൂടുതൽ കുറവ് തിരിച്ചറിയുന്നു.
ഗണിത കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
ഒന്നിനോടൊന്നു കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്.
വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.

ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.

ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി.

ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി.

ഗണിത ആൽബം പ്രദർശനം.

വില വിവരപട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.

ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ

സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

ആഗസ്റ്റ്

- റിഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുതുന്ന് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.
- സ്വതന്ത്ര രചന പരിപോഷിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ ഡയറി മെച്ചപ്പെടുത്തുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
-

ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്കുള്ള അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

## നവംബർ

- സംയുക്ത ഡയറി എഴുത്ത് തുടങ്ങൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആക്കുന്നു.
- വായനോത്സവം, രചനോത്സവം എന്നിവ തുടങ്ങുന്നു.
- പത്ര വായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവ മാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതുന്നു ചിത്രം വരയ്ക്കുന്നു.

## ഡിസംബർ.

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
- രചനശേഷി പരിപോഷിപ്പിക്കൽ
- ദൈനം ദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ജനുവരി.

- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്ന ലഘു രചനാ ശില്പശാലകൾ നടത്തുന്നു.
- കുട്ടികൾ എഴുതിയ ചെറുകഥകളുടെ പ്രകാശനം.

· സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി.

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നു.

മാർച്ച്.

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## മുന്നൊരുക്കം.

* പ്രീടെസ്റ്റ് നടത്തുന്നു.
* ഉല്ലാസ തലത്തിലുള്ള കുട്ടികളെയും കണ്ടെത്തുന്നു
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി ഉല്ലാസ വായനവും പിന്നാക്ക കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു

## പ്രവർത്തന പദ്ധതി.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* സർഗാത്മക പ്രകടനത്തിന് അവസരങ്ങൾ

## ഒരുക്കൽ

* ചിത്രകാർഡുകൾ നൽകൽ / വായനാകാർഡുകൾ
* ക്ലാസിൽ ഭാഷണത്തിന് അവസരമൊരുക്കൽ.
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി ഒരുക്കൽ.
  (പുസ്തക വിതരണം, വായനാനുഭവ പങ്കുവെക്കൽ)

## ജൂലൈ.

* സാഹിത്യവുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു. (കഥ കാണാൻ അവസരം)
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്.

* ക്ലാസ് ലൈബ്രറി വിപുലമാക്കൽ.
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* ചിത്ര വിവരണം.
* വായന തലത്തിൽ എത്തിച്ചില്ല വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു

## സെപ്തംബർ.

* വായിച്ചറിഞ്ഞ കഥയെ ചിത്രപ്പെടുത്തൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ.
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ ഉൾപ്പെടെ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* കഥാ പുസ്തകങ്ങൾ തയ്യാറാക്കൽ.

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തി ഉണർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* വ്യക്തിഗത വായനകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കുന്നു.
* കുട്ടികൾ എഴുതിയ കവിതകൾ ക്ലാസിനിൽ പാടിക്കേൾപ്പിക്കുന്നു.

English.

Academic master plan.

Aim: To Speak, Read & Write English With out any mistakes.

June

* Pretest
* To develop listening skills & reading skills first.
  listening skill - (Games, Action Songs, Small conversations)
* Stories (using ICT)
* speaking skill - (picture reading, picture description, riddles etc)

July.

Reading skill :- News paper reading, Library books reading, find new words
Writing skill:- Make wordweb, picture - description, Make riddles, Make Short Sentences
~~develop drawing~~

August-
Reading skill:- paper reading, library books reading, reading short stories - continues reading by text books.

Writing skills
Picture description, Make simple conversations, Add more lines.

September & october
* identifies rhyming words from the poem
* arranges words in alphabetical order
* Add more exchanges to conversati
* Add more lines.

October, & November, & December
* Add lines to a poem following a set pattern.
* Provides the opportunity to read simple stories and poem.
* Make simple riddles.

December to March.
* Arranges words in alphabetical order
* Make simple conversations

# മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തനലക്ഷ്യം

* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്തരീതിയിൽ പ്രയോജനപ്പെടുത്തൽ.

## ജതുണ്

* 1, 2, 3, 4, ....
  1, 3, 5, 7 ...
  10, 20, 30, 40 ...
  5, 10, 15, 20 ...
  2, 4, 6, 8 ... . തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
* ഒരുസംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടുമെന്ന തിരിച്ചറിവുണ്ടാക്കൽ.

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി അതിനെ എണ്ണം പറയൽ
* ഗണിതത്തിന് എല്ലാം കുട്ടികളിലും ഉറപ്പാക്കൽ
* 10 ന്റെയും 1 ന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ (5+5=10 , 10+10 =20)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
  : 99 നോട് 1 കൂട്ടിയാൽ 100
  : 10 പത്തുകൾ ചേർന്നാൽ 100
  : 100 ഒന്നുകൾ ചേർന്നാൽ 100
* ഓരോ സംഖ്യകളെയും പ്രായോഗികഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വിലവിവരപട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകളുൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5 ... 10 ... 15 ... 20 .. 25 ...

(5 വീതം കൂട്ടിയാൽ പ്രശ്നം വിശദീകരണം ചെയ്യാം)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ ഷപ്പുതൽ
* "ക്ലാസിനെറു" കളിയിലൂടെ പ്രശ്നനിർധാരണം ചെയ്യൽ
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിചേർത്ത് സംഖ്യാരൂപീകരിക്കൽ :- 10 രൂപ + 5 രൂപ = 15 രൂപ
  നോട്ട് നാണയം

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉണ്ടാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില ബോർഡ്, അബാക്കസ് നിർമ്മിക്കൽ)
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്തരീതികളുപയോഗിക്കുന്നു.

# മലയാളം

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വദിച്ച ഭാഷാംശങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് ... മുതലായവ) സ്വാംശീകരിക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

## ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

### ജൂൺ - ജൂലായ്

### 1. കനകച്ചിലങ്ക.

* നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ)
* പഴഞ്ചൊല്ലുകൾ ശേഖരണം
* കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
* കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം.

* കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
* പാവനാടകത്തെ അടുത്തറിയൽ.

ആഗസ്റ്റ്, സെപ്റ്റംബർ

2. പലഹാരപ്പൊതി.

* കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
* ക്ലാസ് ലൈബ്രറിയിൽ കുട്ടികഥകൾ ഒരുക്കി വയ്ക്കൽ.
* റോൾപ്ലേ അവതരണങ്ങൾ.
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
* പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
* കത്തുകൾ മാതൃകകൾ
* ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പഠനം.
* വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ.

സി പി ടി എ ഒന്നാം മികവുത്സവം

നാടൻ കഥകളുടെ അവതരണം.
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം, റീഡേഴ്സ് തീയേറ്റർ അവതരണം

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

* കൃഷിയിടം സന്ദർശനം
* കൃഷി പാട്ടുകൾ, കൃഷി ചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ - കുട്ടിക്കാല കളിയനുഭവ വിവരണം, പതിപ്പ്
* നാടൻപാട്ട് ശില്പശാല.

നവംബർ, ഡിസംബർ

4. അപ്പൂപ്പൻ താടി

* അനുഭവ രചന, വേനൽച്ചിത്രങ്ങൾ - ആൽബം.
* ദാഹകേളി, മഴച്ചിത്രങ്ങൾ ശേഖരണം, മഴയനുഭവം.

* മഴക്കവിതകൾ ചൊല്ലൽ , ശേഖരണം
* സ്വന്തം കവിത , നാടൻപാട്ട് അവതരണം.
* ചിത്ര വിവരണം, പാട്ടും വരയും, യാത്രാനുഭവക്കുറിപ്പ് അവതരണം.
* ഹോം ടൂർ അവതരണം, വായനാക്കുറിപ്പ്, ഭാവാത്മക വായന.

ജനുവരി

5. നമ്മളൊന്ന്

* കത്ത്, ആശംസ, പോസ്റ്റർ രചന
* കഥാവായന
* പാവനാടകം അവതരണം
* പ്രകൃതി നടത്തം
* അനുഭവക്കുറിപ്പ്.

ഫെബ്രുവരി, മാർച്ച് - 6. മാനത്തോളം

* കഥാവായന, കൂടപ്പാട്ട്
* കവിത ചൊല്ലൽ , കത്ത്, പോസ്റ്റർ രചന.
* ലഘു പരീക്ഷണങ്ങൾ - അവതരണം.- കുറിപ്പ്.
* മാജിക് ഷോ - അറിയിപ്പ് രചന.
* മായാജാലം . രചന , അവതരണം

# English

## Aim

To Speak, Read & write english without any mistakes

June - March :- To check the vocabulary and writing skills of pupils.

## Activities

### June, July.

- Pretest
- To develop listening skills and reading skills

Listening skills : Games, Action songs

- Hello English Activities
- Conversations
- skit stories
- Use ICT

Speaking skills :-

Identify the naming words from the picture.

Identify the action words from the picture.

Make the simple sentences using the word about picture.

Make simple description about the picture.

Growing sentences, picture reading, self introductions

### August, september

- Develop the creative speaking and writing.

Reading skills

Books reading

Find words

Collect and read past tense
Rhyming words
TB Activities

Writing Skills
Make word web
picture description.

make words, sentences, make riddles, Conversations
Add more lines.

October, November.

To express thoughts, Feelings etc.

Reading Skills

Library book reading.
- Conversation, skit, stories, use ICT.
- Read notice
- Develop story.

Writing Skills
- Description
- Thoughts.

December, January.

Develop the creative Speaking and writing.

Reading skills
Library books reading.
Conversations, skit, stories, use ICT
Develop story.
Reads diary.

Writing skills
Diary
Annancement.

ജൂൺ (Pretest.)

യൂണിറ്റ് - 1 രൂപങ്ങൾ വരയ്ക്കാം.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
തോരണം നിർമ്മാണം, തോണി നിർമ്മാണം
വെജിറ്റബിൾ പ്രിന്റിംഗ്, രൂപങ്ങൾ (ചതുരം, വട്ടം, ത്രികോണം)
ഉപയോഗിച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ

ജൂൺ - ജൂലൈ

2. സംഖ്യകൾ കൂട്ടുകാർ.

1 മുതൽ 100 വരെ എഴുതിയ ടോക്കൺ.
കളിനോട്ടുകൾ
കളിനോട്ടുകൾ, കമ്പുകെട്ടുകൾ
സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം.

ജൂലൈ - ആഗസ്റ്റ്

3. ആയിരം.. ആയിരം

സംഖ്യാകാർഡ് (മൂന്നക്ക സംഖ്യകളുടെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ)
ആ കളിനോട്ട് (കറൻസിയുടെ അടിസ്ഥാനത്തിൽ സംഖ്യ പിരിച്ചെഴുതൽ)
കാർഡുകളി (1000 വരെയുള്ള സംഖ്യാബന്ധങ്ങൾ നിരീക്ഷണം)

ആഗസ്റ്റ് - സെപ്തംബർ

4. കൂട്ടുകൂടാം (2, 3 അക്ക സങ്കലനക്രിയ - വ്യത്യസ്ത വഴികൾ)

സ്ഥാനവില കാർഡുകൾ (സങ്കലനക്രിയ)
കമ്പുകെട്ടുകൾ, കളിനോട്ടുകൾ, നാണയങ്ങൾ
ടോക്കണുകൾ (പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.)

സെപ്തംബർ

5. അളന്നു കുറിക്കാം (നീളം, ഉയരം)

സ്കെയിൽ (15cm) നീളം അളക്കൽ)
ഈർക്കിലുകൾ
മീറ്റർ സ്കെയിൽ, ടേപ്പ്, റിബ്ബൺ - അളക്കൽ.
സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം

# പരിസരപഠനം

ജൂൺ - ജനുവരി

ലക്ഷ്യം 1 : ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാദൃശ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിന്റെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

പ്രവർത്തനം

ഞാനും എന്റെ പരിസരവും

ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കൽ. മരങ്ങൾ, കുറ്റിച്ചെടികൾ വർഗീകരണം, സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ.

പച്ചക്കറിത്തോട്ടം ഒരുക്കാം

സ്കൂൾ പച്ചക്കറിത്തോട്ട നവീകരണം

വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ.

ജൂൺ - ഒക്ടോബർ

ലക്ഷ്യം 2 :- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക.

പ്രവർത്തനം

പ്രകൃതി നടത്തം.

- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം
- പ്രത്യേകതകൾ മനസ്സിലാക്കാം.
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.
- ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അടുത്തറിയാം

പ്രകൃതിയ്ക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)

- ചർച്ച : തെറ്റും ശരിയും.

പൂന്തോട്ടം ഒരുക്കാം

പൂന്തോട്ടം പരിപാലിക്കൽ. (ജൂൺ - മാർച്ച്)

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ (ജൂൺ)

നട്ട വൃക്ഷത്തൈ പരിപാലിക്കൽ.

പോസ്റ്റർ നിർമ്മാണം

പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ. (മാർച്ച് - മെയ്)

പരിസരത്തിൽ പതിക്കൽ.

വേനൽക്കാല കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ (മാർച്ച് - മെയ്)

ലക്ഷ്യം - 3

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

പ്രവർത്തനം (ജൂൺ - മാർച്ച്)

ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.

കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.

- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം (ജൂലൈ - മാർച്ച്)
- സർവ്വേ.
- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.
- പോസ്റ്റർ നിർമ്മാണം, പരിസരത്തിൽ പതിക്കൽ.

# മലയാളം ഭാഷ . IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| മധുരം മലയാളം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം. വായനാ കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG Class teacher CPTA | PTA |
| എഴുതാം . തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം വർഷംമുഴുവൻ | SRG . class teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ ലേഖനശേഷി വർധിപ്പിക്കൽ. സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരൻമാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **English Assembly.** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | മാസത്തിൽ ഒരു ദിവസം അസംബ്ലി English ൽ നടത്തുന്നു. അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **English Diary** - | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | എല്ലാ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം. ഡയറി ഇംഗ്ലീഷിൽ. | ക്ലാസ് ടീച്ചർ. | |
| **English** | | | | |
| സർഗാത്മകതാ രചനാശേഷി പരിപോഷണം. | 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ. | H.M. & class teacher | Teacher and parents |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് തിയേറ്റർ.** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ. Skit Drama; conversation story telling. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| **English corner.** | | | | |
| വായന പരിപോ... | കുട്ടികളുടെ നിലവാരമനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ... | | | |

# ഗണിതം -IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം.. ഗണിക്കാം<br>ഗണിത പഠനം രസകരമാക്കൽ പ്രശ്നപരിഹാരങ്ങൾ ലളിതമാക്കൽ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണ്ണയം | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം.<br>ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരവിരുത ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിലെ ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | PTA |
| ഗണിത ലാബ്.<br>ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG. ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ. ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള.<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# പരിസരപഠനം

| പ്രവൃത്തി നടത്താം ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം-അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM & PTA | PTA |
| ശാസ്ത്രമേള<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ. | PTA<br>SSA |
| ശാസ്ത്രയാത്ര<br>ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മ്യൂസിയം പ്രദർശനങ്ങൾ, ഫേക്ടറികൾ തുടങ്ങിയവ സന്ദർശിക്കൽ. | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ. | PTA<br>രക്ഷിതാക്കൾ |
| ഭൂപടമൊരുക്കാം<br>കേരളം, ഇന്ത്യ ഭൂപട വായന- സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | വർഷത്തിലൊന്ന്. | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുവർ<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം.<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രമാസിക.<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | |
| | | | | |